LIBRARY ARCHIVES Kerala Legislative Assembly

നവജാത ശിശുക്കൾക്ക് കൊടുക്കേണ്ട പ്രതിരോധ മരുന്നുകൾ ഉൾപ്പെടെയുള്ള വാക്സിനുകളുടെ ലഭ്യതയും ശിശുമരണ നിരക്കും

27 (2578) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഇപ്പോഴത്തെ ശിശുമരണ നിരക്ക് എത്രയാണ് ; 2006 മുതലുള്ള കണക്ക് വർഷം തിരിച്ച് ലഭ്യമാക്കുമോ ;

(ബി) അട്ടപ്പാടിയിലെ ശിശുമരണ നിരക്ക് 2006 മുതലുള്ളത് വർഷം തിരിച്ച് ലഭ്യമാക്കുമോ ;

(സി) നവജാത ശിശുക്കൾക്ക് കൊടുക്കേണ്ട പ്രതിരോധ മരുന്നുകൾ എല്ലാ സർക്കാർ ആശുപത്രികളിലും ലഭ്യമാണോ ; ഈ മരുന്നുകൾ എല്ലാപേർക്കും സൗജന്യമായാണോ നൽകുന്നത്; ഈ മരുന്നുകൾക്ക് എപ്പോഴെങ്കിലും ക്ഷാമം അനുഭവപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകുമോ;

(ഡി) പെന്റാവാലൻറ് (pentavalent) പ്രതിരോധ മരുന്നിന്റെ ഗുണദോഷങ്ങൾ വിലയിരുത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ നിലപാട് വ്യക്തമാക്കുമോ ; ഇപ്പോഴും ഈ മരുന്നുകൾ ഇവിടെ ഉപയോഗിക്കുന്നുണ്ടോ ;

(ഇ) പേപ്പട്ടി വിഷബാധക്കെതിരായ പ്രതിരോധ മരുന്ന് എല്ലാ സർക്കാർ ആശുപത്രികളിലും ലഭ്യമാണോ ; ഇല്ലെങ്കിൽ ഏതെല്ലാം ആശുപത്രികളിലാണ് ഇപ്പോൾ ലഭ്യമാകുന്നത് ; ഏതു സ്ഥാപനം ഉല്പാദിപ്പിക്കുന്ന പേപ്പട്ടിവിഷ വാക്സിനാണ് വാങ്ങുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ ഇപ്പോഴത്തെ ശിശു മരണ നിരക്ക് 12 ആണ്. സാമ്പിൾ രജിസ്ട്രേഷൻ സിസ്റ്റം സർവ്വേ പ്രകാരം സംസ്ഥാനത്തെ ശിശുമരണ നിരക്ക് 2006 മുതൽ 2010 വരെ 13-ഉം 2011 മുതൽ 2013 വരെ 12 -ഉം ആണ്.

(ബി) ദേശീയ തലത്തിൽ സംസ്ഥാനങ്ങളുടെ ശിശുമരണ നിരക്ക് കണക്കാക്കുന്നത് ഇക്കാര്യത്തിനായി പ്രത്യേകമായി കേന്ദ്രസർക്കാർ നടപ്പിലാക്കുന്ന സാമ്പിൾ രജിസ്ട്രേഷൻ സിസ്റ്റം അടിസ്ഥാനമാക്കിയുള്ള വിവരശേഖരണംവഴിയാണ്. ഇതിന്റെ ഭാഗമായി ജില്ല, ബ്ലോക്ക്, പഞ്ചായത്ത് തലത്തിൽ ശിശുമരണ നിരക്ക് കണക്കുകൾ ശേഖരിക്കപ്പെടുന്നില്ല. ആയതിനാൽ ഈ സംവിധാന പ്രകാരമുള്ള

LIBRARY ARCHIVES Kerala Legislative Assembly

അട്ടപ്പാടി ബ്ലോക്കിലെ ശിശുമരണ നിരക്ക് പ്രത്യേകം ലഭ്യമല്ല. ആരോഗ്യവകുപ്പ് ജീവനക്കാർവഴി ശേഖരിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ കണക്കാക്കപ്പെട്ടിട്ടുള്ള അട്ടപ്പാടിയിലെ ശിശുമരണ നിരക്ക് ചുവടെ ചേർക്കുന്നു : എന്നാൽ ഇത്തരം വിവര ശേഖരണത്തിൽ പല ശിശുമരണങ്ങളും മുൻ വർഷങ്ങളിൽ വിട്ടുപോവാൻ ഇടയുണ്ട്. ചില വർഷങ്ങളിലെ വളരെ കുറഞ്ഞ നിരക്കിന് ഇതൊരു കാരണമായിട്ടുണ്ടാവും.

2006-ലെ നിരക്ക് ലഭ്യമല്ല. മറ്റ് വർഷങ്ങളിലെ ലഭ്യമായ കണക്കുകൾ ചുവടെ ചേർക്കുന്നു : .

വർഷം	ശിശുമരണനിരക്ക്
2007	14
2008	9.8
2009	25.4
2010	8.3
2011	5.8
2012	25.6
2013	39.5
2014	26.7

(സി) നവജാത ശിശുക്കൾക്ക് കൊടുക്കേണ്ട പ്രതിരോധ മരുന്നുകൾ എല്ലാ സർക്കാർ ആശുപത്രികളിലും ലഭ്യമാണ്. ഈ മരുന്നുകൾ സൗജന്യമായാണ് എല്ലാ സർക്കാർ ആശുപത്രികളിലും നൽകുന്നത്. ഈ മരുന്നുകൾക്ക് ഇതുവരെ ക്ഷാമം അനുഭവപ്പെട്ടിട്ടില്ല.

(ഡി) ഡോ. നോയൽ നാരായണൻ, ഡോ. ലളിത കൈലാസ്, ഡോ. പി. കെ. ജമീല എന്നീ ശിശുരോഗ വിദഗ്ധർ അടങ്ങുന്ന സമിതി ഈ വാക്സിന്റെ പ്രായോഗികമായ ആവശ്യകത വിലയിരുത്തുകയും കേരളത്തിന് ആവശ്യമാണെന്ന് കണ്ടെത്തി റിപ്പോർട്ട് ചെയ്തതിന്റേയും അടിസ്ഥാനത്തിലാണ് പെന്റാവലന്റ് വാക്സിൻ കൊടുക്കാൻ സർക്കാർ തീരുമാനിക്കുകയുണ്ടായത്.

(ഇ) പേപ്പട്ടി വിഷബാധയ്ക്കെതിരായ പ്രതിരോധ മരുന്ന് എല്ലാ സർക്കാർ ആശുപത്രികളിലും ലഭ്യമാണ്. Bharat Biotech International Private Limited ഉൽപ്പാദിപ്പിക്കുന്ന മരുന്നാണ് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴി വിതരണം ചെയ്യുന്നത്.

എല്ലാ പഞ്ചായത്തുകളിലും അലോപ്പതി, ആയുർവ്വേദം, ഹോമിയോ ആശുപത്രികൾ

28 (2579) ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. പി. എ. മാധവൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അലോപ്പതി, ആയുർവ്വേദം, ഹോമിയോ ആശുപത്രികൾ സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും നിലവിലുണ്ടോ ; ആശുപത്രികൾ ഇല്ലാത്തത് ഏത് വിഭാഗത്തിലാണെന്ന് വിശദമാക്കുമോ ;

(ബി) അലോപ്പതി, ആയുർവ്വേദം, ഹോമിയോ വിഭാഗത്തിൽ ആശുപത്രികൾ ഇല്ലാത്ത പഞ്ചായത്തുകളിൽ ആയത് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ എന്നത്തേക്ക് ആരംഭിക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുകളിൽ സൂചിപ്പിച്ച വിഭാഗങ്ങളിലായി എത്ര ആശുപത്രികൾ ആരംഭിച്ചുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) അലോപ്പതി, ആയുർവ്വേദം, ഹോമിയോ ആശുപത്രികൾ സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും നിലവിലില്ല.

LIBRARY ARCHIVES Kerala Legislative Assembly